LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി ഹൈലെവൽ സ്കീമിന്റെ പുനരുദ്ധാരണം

84 (2183) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭയിലെ വാട്ടർ അതോറിറ്റിയുടെ ഹൈലെവൽ സ്കീമിന്റെ ചോർച്ചയും അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന മറ്റ് ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്കീമിന്റെ പുനരുദ്ധാരണത്തിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഹൈലെവൽ ടാങ്കിൽ നിന്നുള്ള ജലവിതരണ പൈപ്പുകൾ ഹെവി ട്രാഫിക്മൂലം നിരന്തരം പൊട്ടുന്നുണ്ട്. ഇത് മാറ്റി സ്ഥാപിക്കുന്നതിനായി 11 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ചാലക്കുടി ടൗണിലുള്ള ടാങ്കിന്റെയും തൂണുകളുടെയും അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തിയ ശേഷം പദ്ധതി നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങൾ

85 (2184) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളിൽ നല്ല പങ്കും കെ.എസ്.ആർ.ടി.സി. ബസുകൾ മൂലമെന്നതാണ് ഉണ്ടാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അപകട നിരക്ക് കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെടുന്ന അപകടങ്ങളിൽ കുറ്റക്കാരെന്ന് കോടതി കണ്ടെത്തുന്ന ഡ്രൈവർമാർക്കെതിരെ കോർപ്പറേഷൻ സ്വീകരിക്കാറുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(സി) കർശന നടപടികളുടെ അഭാവം അപകടനിരക്ക് കൂട്ടുന്നു എന്ന വസ്തുത പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുമോ ;

(ഡി) ഡ്രൈവർമാരുടെ അമിത ജോലിഭാരം അപകടങ്ങൾക്ക് കാരണമാകുന്നു എന്ന വസ്തുത പരിഗണിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ;

(എഫ്) ഉറക്കമിളച്ച് ദീർഘദൂരം വാഹനമോടിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?